## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 329 — 25.06.2012 ൽ മറുപടിയ്ക്ക്

### ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.അൻവർ സാദത്ത് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) 1. പഞ്ചായത്തുതല ജൈവവൈവിധ്യ പരിപാലന കമ്മിറ്റി (BMC) കളുമായി ചേർന്ന് ജൈവവൈവിധ്യ പഠന സർവ്വേകൾ നടത്തുക.<br>2. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണത്തിൽ പങ്കാളികളാവുക.<br>3. ജൈവവൈവിധ്യ പരിപാലന കമ്മിറ്റികൾ (ബി.എം.സി) നിർദ്ദേശിക്കുന്ന ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതികൾ നടപ്പിലാക്കുവാൻ സഹായിക്കുക. |
| (ബി) പ്രസ്തുത ക്ലബ്ബുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് പറയാമോ; | (ബി) എല്ലാ കോളേജുകളിലും ഈ വർഷം തന്നെ ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | |
|---|---|
| (സി) ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) 1. നഗരങ്ങളിലും മറ്റും ചെറുകാടുകൾ സൃഷ്ടിക്കുകയും, അവയിൽ അപൂർവ്വമോ, അന്യം നിന്നു പോകാവുന്നതോ ആയ സസ്യങ്ങളെ വളർത്തി പരിപാലിക്കുന്ന ശാന്തിസ്ഥൽ എന്ന പദ്ധതി.<br>2. അന്യം നിന്നു പോകാവുന്ന കാർഷിക ജൈവവൈവിധ്യത്തെ പരിരക്ഷിക്കുക.<br>3. പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങളിൽ സജീവമായി ഇടപെടുക. |

സെക്ഷൻ ഓഫീസർ